**1) കർത്താവ് ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവുള്ളേടത്ത് .......................... ഉണ്ട്. പൂരിപ്പിക്കുക.**

**A) സ്വാതന്ത്ര്യം**

B) സ്നേഹം

C) വിശ്വാസം

D) പ്രത്യാശ

**2) ............................... പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. പൂരിപ്പിക്കുക.**

**A) സത്യനമസ്കാരികൾ**

B) സത്യാരാധകർ

C) സത്യവിശ്വാസികൾ

D) സത്യക്രിസ്ത്യാനികൾ

**3) സർവ്വശക്തന്റെ .............................. എനിക്ക് ജീവനെ തരുന്നു. പൂരിപ്പിക്കുക.**

**A) ശ്വാസം**

B) നിഴൽ

C) സ്നേഹം

D) ആത്മാവ്

**4) കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ........................... തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.**

**A) ദൈവവചനത്താൽ**

B) ജലസ്നാനത്താൽ

C) ദൈവസ്നേഹത്താൽ

D) മാമോദീസായാൽ

**5) സാഫാത്തിന്റെ മകനായ .................................... നിനക്കു പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്യുകയും വേണം.**

**പൂരിപ്പിക്കുക.**

**A) ഏലിശായെ**

B) ഏലിയായെ

C) യിരമ്യാവിനെ

D) നാഥാനെ

**6) യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ ..................................... പൂരിപ്പിക്കുക.**

**A) നിർമ്മലീകരിപ്പിൻ**

B) വിശുദ്ധീകരിക്കുക

C) വെടിപ്പാക്കുവിൻ

D) കഴുകിക്കൊള്ളുക

**7) യേശു ..............................., പിതാവേ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. പൂരിപ്പിക്കുക.**

**A) മേലോട്ടു നോക്കി**

B) സ്വർഗ്ഗത്തേക്കു കണ്ണുയർത്തി

C) കവിണ്ണു വീണു

D) ഉച്ചത്തിൽ പറഞ്ഞു

**8) പിതാവായ ദൈവത്തിന്റെ മുമ്പാകെ .................................... നിർമ്മലവുമായ ഭക്തിയോ, അനാഥരേയും ............................... അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും ലോകത്തിലുള്ള കളങ്കം പറ്റാത്തവണ്ണം തന്നതാൻ കാത്തുകൊള്ളുന്നതുമാകുന്നു . പൂരിപ്പിക്കുക.**

**A) ശുദ്ധവും, വിധവമാരെയും**

B) ശുദ്ധവും, രോഗികളേയും

C) സത്യവും, രോഗികളേയും

D) സത്യവും, വിധവമാരെയും

**9) വചനത്തെ നിന്ദിക്കുന്നവൻ അതിന് ഉത്തരവാദി. ............................... ഭയപ്പെടുന്നവനോ പ്രതിഫലം ലഭിക്കും**

**A) കല്പനയെ**

B) വചനത്തെ

C) ദൈവത്തെ

D) നിന്ദിക്കാതെ

**10) വിശ്വാസത്താൽ ............................... താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗങ്ങളേക്കാളും ദൈവജനത്തോടുകൂടെ ..................................... തെരഞ്ഞെടുത്തു.**

<u>**A) മോശ, കഷ്ടമനുഭവിക്കുന്നത്**</u>

B) ശമുവേൽ, വളരുന്നത്

C) ശമുവേൽ, കഷ്ടമനുഭവിക്കുന്നത്

D) മോശ, വളരുന്നത്

**11) 'നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ' റഫറൻസ് തെരഞ്ഞെടുക്കുക.**

<u>**A) 1 കൊരിന്ത്യർ 16:14**</u>

B) 1 കൊരിന്ത്യർ 13:5

C) 1 കൊരിന്ത്യർ 12:13

D) 1 കൊരിന്ത്യർ 8:3

**12) 'സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും.' റഫറൻസ് എഴുതുക.**

<u>**A) നെഹമ്യാവ് 2:20**</u>

B) ഇയ്യോബ് 22:12

C) സങ്കീർത്തനം 11:4

D) അപ്പൊ.പ്ര. 17: 24

**13) 'യഹോവ അവനോടുകൂടെ ഉണ്ടായിരുന്നു; അവന്റെ വചനങ്ങൾ ഒന്നും നിഷ്ഫലമാകുവാൻ ഇടവരുത്തിയില്ല.' റഫറൻസ് എഴുതുക.**

<u>**A) 1 ശമുവേൽ 3:19**</u>

B) വി. മർക്കോസ് 10:15

C) ഇയ്യോബ് 33:4

D) സങ്കീർത്തനം 21:4

**14) 'ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.' റഫറൻസ് എഴുതുക.**

<u>**A) റോമർ 6:23**</u>

B) റോമർ 6:8

C) വി. യോഹന്നാൻ 5:21

D) വി. യോഹന്നാൻ 17:2

**15) 'അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു.' റഫറൻസ് എഴുതുക.**

**A) എഫെസ്യ 2:22**

B) യശയ്യാവ് 6:8

C) വി. മത്തായി 3:17

D) യോഹന്നാൻ 15

**16) 'മനുഷ്യപുത്രനോ ശബ്ബത്തിനും കർത്താവാകുന്നു.' റഫറൻസ് എഴുതുക.**

**A) വി. മത്തായി 12:8**

B) വി. മത്തായി 11:27

C) വി. യോഹന്നാൻ 3:36

D) വി. യോഹന്നാൻ 3:17

**17) 'ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്' റഫറൻസ് എഴുതുക.**

**A) എഫെസ്യർ 5:32**

B) എഫെസ്യർ 6:2

C) 1 കൊരിന്ത്യർ 3:16

D) 1 കൊരിന്ത്യർ 4:6

**18) 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.' റഫറൻസ് എഴുതുക.**

**A) 1 കൊരിന്ത്യർ 11:26**

B) 1 കൊരിന്ത്യർ 12:26

C) അപ്പോ.പ്ര. 2:42

D) അപ്പോ.പ്ര. 3:42

**19) 'ആ വക കാര്യങ്ങളിൽ അവൻ കുറ്റക്കാരനാകുമ്പോൾ താൻ പാപം ചെയ്തു എന്ന് അവൻ ഏറ്റുപറയേണം.' റഫറൻസ് എഴുതുക.**

**A) ലേവ്യർ 5:5**

B) ആവർത്തനം 5:5

C) വി. മത്തായി 9:6

D) വി. യോഹന്നാൻ 9:6

**20) 'ജ്ഞാനമുള്ള മകൻ അപ്പന്റെ പ്രബോധനഫലം, പരിഹാസിയോ ശാസന കേട്ടനുസരിക്കുന്നില്ല' റഫറൻസ് എഴുതുക.**

**A) സദൃശ്യവാക്യം 13:1**

B) സദൃശ്യവാക്യം 24:21

C) സദൃശ്യവാക്യം 22:6

D) സദൃശ്യവാക്യം 12:4

**21) യശയ്യാ 38:18 തെരഞ്ഞെടുക്കുക.**

**A) പാതാളം നിന്നെ സ്തുതിക്കുന്നില്ല. മരണം നിന്നെ വാഴ്ത്തുന്നില്ല.**

B) എന്നാൽ കർത്താവേ ഞാൻ ഏതിനായി കാത്തിരിക്കുന്നു.

C) യഹോവയായ കർത്താവേ നീ എന്റെ പ്രത്യാശയാകുന്നു.

D) ദുഷ്ടനു തന്റെ ദുഷ്ടതയാൽ വീഴ്ച വരുന്നു.

**22) സങ്കീർത്തനം 11:4 തെരഞ്ഞെടുക്കുക.**

**A) യഹോവയുടെ സിംഹാസനം സ്വർഗ്ഗത്തിൽ ആകുന്നു.**

B) യിസ്രായേലേ യഹോവയിൽ പ്രത്യാശ വച്ചുകൊൾക.

C) യഹോവ തന്റെ സിംഹാസനത്തെ സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു.

D) യഹോവയ്ക്കു കൃപയും അവന്റെ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ട്.

**23) സദൃശ്യവാക്യം 15:24 തെരഞ്ഞെടുക്കുക.**

**A) ബുദ്ധിമാന്റെ ജീവിതയാത്ര മേലോട്ടാകുന്നു.**

B) മകനേ നിന്റെ അപ്പന്റെ കല്പനകളെ പ്രമാണിക്ക.

C) നീതിമാന്മാരുടെ പ്രത്യാശ സന്തോഷമാകുന്നു.

D) യഹോവാഭക്തി ആയുസ്സിനെ ദീർഘമാക്കുന്നു.

**24) സങ്കീർത്തനം 146:5 തെരഞ്ഞെടുക്കുക.**

**A) യാക്കോബിന്റെ ദൈവം സഹായമായി തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ളവൻ ഭാഗ്യവാൻ.**

B) യിസ്രായേലേ യഹോവയിൽ പ്രത്യാശ വച്ചുകൊള്ളുക.

C) യഹോവയായ കർത്താവേ നീ എന്റെ പ്രത്യാശയാകുന്നു.

D) നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവൻ ഞാൻ നിങ്കൽ പ്രത്യാശ വയ്ക്കുന്നു.

**25) വെളിപ്പാട് 20:15 തെരഞ്ഞെടുക്കുക.**

**A) ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപൊയ്കയിൽ തള്ളിയിടും.**

B) ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും.

C) മരണത്തേയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു.

D) കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല.

**26) 1 ശമുവേൽ 2:2 തെരഞ്ഞെടുക്കുക.**

**A) യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല.**

B) യഹോവ നമ്മുടെ ദൈവം ആകുന്നു, യഹോവ ഏകൻതന്നേ.

C) നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ.

D) അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു.

**27) യോഹന്നാൻ 14:6 തെരഞ്ഞെടുക്കുക.**

**A) ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.**

B) നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.

C) അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്.

D) ഞാൻ ജീവന്റെ അപ്പം ആകുന്നു.

**28) അപ്പൊ.പ്ര. 2:47 തെരഞ്ഞെടുക്കുക.**

**A) കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.**

B) അവർ അവരുടെമേൽ കൈവച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചു.

C) എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി

D) അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു. അവരുടെമേൽ കൈവച്ച് അവരെ പറഞ്ഞയച്ചു.

**29) യെഹസ്കേൽ 36:25 തെരഞ്ഞെടുക്കുക.**

**A) ഞാൻ നിങ്ങളുടെമേൽ നിർമ്മല ജലം തളിക്കും.**

B) ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു.

C) പുരാതനനായ ദൈവം നിന്റെ സങ്കേതം. കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്.

D) അവൻ ജീവനുള്ള ദൈവവും ശാശ്വതരാജാവും തന്നെ.

**30) സങ്കീർത്തനം 121:4 തെരഞ്ഞെടുക്കുക.**

**A) യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല.**

B) യഹോവ ഒരു ദോഷവും തട്ടാതെവണ്ണം നിന്നെ പരിപാലിക്കും.

C) തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറയ്ക്കും.

D) ദീർഘായുസ്സുകൊണ്ട് ഞാൻ അവനു തൃപ്തി വരുത്തും.

**31) 'അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും' ഇത് ആരു പറഞ്ഞു?**

**A) സ്തേഫാനോസ്**

B) പൗലോസ്

C) യേശുക്രിസ്തു

D) പത്രോസ്

**32) 'കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്.' പൗലോസ് ശ്ലീഹാ ഇത് ഏതു സഭയോട് അറിയിച്ചതാണ്?**

**A) എഫെസ്യ**

B) കൊരിന്ത്

C) റോം

D) ഗലാത്യ

**33) 'കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.' ഇത് ആരു പറഞ്ഞു?**

**A) പൗലോസും ശീലാസും**

B) പത്രോസും യോഹന്നാനും

C) യോശുവായും കാലേബും

D) മോശയും യോശുവായും

**34) 'മശിഹാ - എന്നുവച്ചാൽ ക്രിസ്തു - വരുന്നു എന്നു ഞാൻ അറിയുന്നു.' ഇത് ആരു പറഞ്ഞു?**

**A) ശമര്യക്കാരി സ്ത്രീ**

B) പൗലോസ്

C) യോഹന്നാൻ സ്നാപകൻ

D) മഗ്ദലന മറിയം

**35) 'നരച്ചവന്റെ മുമ്പാകെ എഴുന്നേല്ക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം.' ഇത് യഹോവ ആരോടു പറഞ്ഞു?**

**A) മോശയോട്**

B) ശലോമോനോട്

C) ശൗലിനോട്

D) യാക്കോബിന്റെ മക്കളോട്

**36) 'എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു.' ഇത് ആരു പറഞ്ഞു?**

**A) ഹന്നാ**

B) ദാവീദ്

C) സഖറിയാ പുരോഹിതൻ

D) എലിസബേത്

**37) 'നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം.' ഇത് ആരു പറഞ്ഞു?**

**A) രൂത്ത്**

B) എസ്തേർ

C) ശമര്യാസ്ത്രീ

D) മഗ്ദലന മറിയം

**38) 'നീ എനിക്ക് ഒരനുഗ്രഹവും വച്ചിട്ടില്ലയോ?' ഇത് ആരു ചോദിച്ചതാണ്?**

**A) ഏശാവ്**

B) യാക്കോബ്

C) കായേൻ

D) യിശ്മായേൽ

**39) 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു.' യഹോവ ഇത് ആരോടു പറഞ്ഞു?**

**A) മോശ**

B) ഫറവോൻ

C) ശമുവേൽ പ്രവാചകൻ

D) ഇയ്യോബ്

**40) 'അയ്യോ യജമാനനേ, യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെയും ഭവിക്കുന്നത് എന്ത്?' ഇത് ആരു പറഞ്ഞു?**

**A) ഗിദയോൻ**

B) യിപ്താഹ്

C) ശിംശോൻ

D) ശമുവേൽ

**41) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'വിവാഹം' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) എഫെസ്യർ5:24; സദൃശ്യവാക്യം 14:1; കൊലോസ്യ 3:19**

B) വി. മത്തായി 6:7; ഗലാത്യർ 6:6; വി. ലൂക്കോസ് 15:7

C) സദൃശ്യവാക്യം 14:1; വി. മത്തായി 6:7; ഗലാത്യർ 3:19

D) ഗലാത്യർ 6:6; എഫെസ്യർ 5:24; വി. ലൂക്കോസ് 15:7

**42) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'രോഗികളുടെ തൈലാഭിഷേകം' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) വി. യോഹന്നാൻ 9:3; വി. മർക്കോസ് 6:13; വി. യാക്കോബ് 5:14**

B) വി. യോഹന്നാൻ 14:13; കൊലോസ്യർ 3:18; വി. യാക്കോബ് 4:3

C) വി. മർക്കോസ് 6:13; വി. യാക്കോബ് 5:14; വി. യാക്കോബ് 4:3

D) വി. യാക്കോബ് 4:3; വി. യോഹന്നാൻ 9:3; വി. യോഹന്നാൻ 14:13

**43) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'പ്രാർത്ഥന' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) വി. യാക്കോബ് 5:16; വി. മത്തായി 21:22; അപ്പോസ്തോലപ്രവർത്തി 2:42**

B) വി. മത്തായി 16:19; വി. യോഹന്നാൻ 6:58; അപ്പോസ്തോലപ്രവർത്തി 19:18

C) വി. മത്തായി 21:22; വി. യാക്കോബ് 5:16; വി. യോഹന്നാൻ 6:58

D) വി. യോഹന്നാൻ 6:58; അപ്പോസ്തോലപ്രവർത്തി 19:18; വി. യാക്കോബ് 5:16

**44) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'നോമ്പ്' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) വി. മർക്കോസ് 2:20; വി. മത്തായി 4:2; അപ്പോസ്തോലപ്രവർത്തി 14:23**

B) വി. മത്തായി 4:19; ഗലാത്യർ 6:6; യോന 1:4

C) യോന 1:4; വി. മർക്കോസ് 2:20; ഗലാത്യർ 6:6

D) വി. മത്തായി 4:2; അപ്പോസ്തോലപ്രവർത്തി 14:23; യോന 1:4

**45) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'ദൈവവചനം' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) എബ്രായർ 4:12; സങ്കീർത്തനം 119:74; വി. യോഹന്നാൻ 5:24**

B) വി. യോഹന്നാൻ 11:40; വി. യാക്കോബ് 2:17; എബ്രായർ 11:6

C) എബ്രായർ 11:6; സങ്കീർത്തനം 119:74; വി. യോഹന്നാൻ 5:24

D) വി. യാക്കോബ് 2:17; സങ്കീർത്തനം 119:74; എബ്രായർ 4:12

**46) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'നിത്യജീവൻ' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) സങ്കീർത്തനം 21:4; റോമർ 6:23; വി. മത്തായി 25:46**

B) ഗലാത്യർ 6:10; എഫേസ്യർ 6:4; 1 തീമോത്തിയോസ് 3:5

C) ഗലാത്യർ 6:10; റോമർ 6:23; 1 തീമോത്തിയോസ് 3:5

D) സങ്കീർത്തനം 21:4; എഫേസ്യർ 6:4; 1 തീമോത്തിയോസ് 3:5

**47) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'മാമോദീസാ' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) എഫേസ്യർ 4:5; അപ്പോസ്തോലപ്രവർത്തി 2:38; തീത്തോസ് 3:6**

B) വി. മത്തായി 4:2; വി. യോഹന്നാൻ 10:16; എഫേസ്യർ 5:23

C) എഫേസ്യർ 5:23; വി. മത്തായി 4:2; അപ്പോസ്തോലപ്രവർത്തി 2:38

D) തീത്തോസ് 3:6; വി. യോഹന്നാൻ 10:16; എഫേസ്യർ 4:5

**48) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'പരിശുദ്ധ റൂഹാ' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) റോമർ 14:17; അപ്പോസ്തോലപ്രവർത്തി 8:17; സങ്കീർത്തനം 51:11**

B) ആവർത്തനം 6:4; ഗലാത്യർ 6:6; അപ്പോസ്തോലപ്രവർത്തി 8:22

C) ഗലാത്യർ 6:6; അപ്പോസ്തോലപ്രവർത്തി 8:22; സങ്കീർത്തനം 51:10

D) റോമർ 14:17; ആവർത്തനം 6:4; സങ്കീർത്തനം 51:10

**49) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'സ്നേഹം' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) 1 യോഹന്നാൻ 3:14; 1 കൊരിന്ത്യർ 16:14; വി. യോഹന്നാൻ 15:9**

B) 1 കൊരിന്ത്യർ 15:19; എബ്രായർ 3:6; വി. യോഹന്നാൻ 6:27

C) എബ്രായർ 3:6; 1 കൊരിന്ത്യർ 13:1; വി. യോഹന്നാൻ 6:27

D) 1 കൊരിന്ത്യർ 16:14; വി. യോഹന്നാൻ 15:9; 1 കൊരിന്ത്യർ 15:19

**50) ചുവടെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകളിൽനിന്നും 'ത്രിത്വം' എന്ന വിഷയത്തെക്കുറിക്കുന്ന വാക്യങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**

**A) വി. ലൂക്കോസ് 3:21-22; വി. യോഹന്നാൻ 15:26; വി. മത്തായി 28:19**

B) ആവർത്തനം 33:27; റോമർ 8:28; എബ്രായർ 13:8

C) റോമർ 8:28; എബ്രായർ 13:8; വി. മത്തായി 28:19

D) വി. യോഹന്നാൻ 15:26; ആവർത്തനം 33:27; വി. യോഹന്നാ